**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 105** **04-10-2021 - ൽ മറുപടിയ്ക്ക്**

**മൂന്നാം ക്ലാസുകാരിയെയും പിതാവിനെയും പരസ്യവിചാരണ നടത്തിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങലിൽ മൂന്നാം ക്ലാസുകാരിയെയും പിതാവിനെയും മൊബൈൽ ഫോൺ മോഷണത്തിന്റെ പേരിൽ പോലീസ് നടുറോഡിൽ അരമണിക്കൂറിലേറെ പരസ്യവിചാരണ നടത്തിയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (ബി) | പ്രസ്തുത സംഭവത്തിൽ ആരോപണ വിധേയയായ ആറ്റിങ്ങൽ പിങ്ക് പട്രോൾ വാഹനത്തിലെ ഡ്രൈവർ ഡ്യൂട്ടി നോക്കിയിരുന്ന GSCPO T 3243 രജിതയെ തിരവനന്തപുരം റേഞ്ച് DIG യുടെ No.A2(a)/10052/2021 TR dtd.29.08.2021 പ്രകാരം കൊല്ലം സിറ്റി പോലീസ് യൂണിറ്റിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ളതും, രണ്ടാഴ്ചത്തെ Behaviour Improvement Training നൽകുന്നതുൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ആയത് ഉറപ്പ് വരുത്തുകയും ചെയ്ത് വരുന്നു. ഇതിലേയ്ക്കായി സംസ്ഥാന പോലീസ് മേധാവി 12.07.2021. ൽ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം.21/2021 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ